(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൂൺ 15 വരെ 4,51,985 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മോഷണം—26,172

കവർച്ച—1,692

പോലീസുകാർ പ്രതികളായുള്ള കേസുകൾ—393

(ഡി) അധോലോക സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഇല്ല. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് 589 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

പ്രിയദർശിനി പ്ലാനറ്റോറിയ പരിസരത്ത് നടന്ന ആക്രമണം

165 [827] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ജൂൺ 2-ന് പ്രിയദർശിനി പ്ലാനറ്റോറിയ പരിസരത്ത് നടന്ന ആക്രമണത്തിൽ ആർക്കെല്ലാം പരിക്കേറ്റെന്നും ആരെയൊക്കെ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ത്;

(സി) ഈ ആക്രമണത്തിൽ പ്രതികളായവരെല്ലാം ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുള്ളവരാണോ;

(ഡി) ഈ കേസ്സിലെ പ്രതികളിൽ ആരെയെങ്കിലും മറ്റേതെങ്കിലും കേസുകളിൽ പ്രതികളായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസ്സുകളിലെന്ന് വെളിപ്പെടുത്തുമോ;

ഉത്തരം

(എ) 2004 ജൂൺ 2-ന് പ്രിയദർശിനി പ്ലാനറ്റോറിയ പരിസരത്ത് നടന്ന ആക്രമണത്തിൽ കേസിലെ ആവലാതിക്കാരനായ ശ്രീ. ശരത്ചന്ദ്ര പ്രസാദിനും ശ്രീ. രാജ്മോഹൻ ഉണ്ണിത്താനും പരിക്കുകൾ ഏറ്റ് ചികിത്സക്കായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുള്ളതാകുന്നു.

(ബി) ഇതു സംബന്ധിച്ച് മ്യൂസിയം പി.എസ്. ക്രൈം നമ്പർ 195/04 ആയി കേസ് രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം സിറ്റി നാർകോട്ടിക് വിഭാഗം പോലീസ് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തിവരികയാണ്. ടി കേസിലെ എഫ്.ഐ.ആറിൽ പേരെടുത്തു പറഞ്ഞിട്ടുള്ള 13 പ്രതികളൊഴികെയുള്ള കണ്ടാലറിയാവുന്ന 150-ഓളം പ്രതികളിൽ 14 മുതൽ 26 വരെയുള്ള പ്രതികളെ അറസ്റ്റുചെയ്ത് റിമാന്റ് അപേക്ഷ സഹിതം കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ടി കേസിലെ 14-ാം പ്രതിക്ക് വ്യവസ്ഥകൾക്ക് വിധേയമായി ബഹു. കോടതി

LIBRARY ARCHIVES Kerala Legislative Assembly

ജാമ്യം അനുവദിച്ചു പോയിട്ടുള്ളതും 15 മുതൽ 26 വരെയുള്ള പ്രതികൾ 6-7-2004 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞുവരുന്നതുമാകുന്നു. ഈ കേസിലെ 27-ാം പ്രതിയെ പ്രൊഡക്ഷൻ വാറണ്ടിൻ പ്രകാരം കോടതി മുമ്പാകെ ഹാജരാക്കുന്നതിന് ബഹു. കോടതി ഉത്തരവായിട്ടുള്ളതുമാകുന്നു. തുടർ അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു. കേസിലെ പ്രതികളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു. †

(സി) ഈ ആക്രമണത്തിൽ പ്രതികളായി പറയുന്നതിൽ 14 മുതൽ 26 വരെ പ്രതികളിൽ 19 മുതൽ 21 വരെ പ്രതികളുടെ രാഷ്ട്രീയം വെളിവായിട്ടില്ല. അവരുടെ രാഷ്ട്രീയബന്ധം അന്വേഷിച്ചുവരികയാണ്. അറസ്റ്റു ചെയ്ത മറ്റു പ്രതികൾ കോൺഗ്രസ് അനുഭാവികളാണ് എന്ന് അന്വേഷണത്തിൽ വെളിവായിട്ടുള്ളതാകുന്നു.

(ഡി) ഈ കേസിലെ എഫ്.ഐ.ആറിൽ പറഞ്ഞ പ്രതികളുടെ മറ്റു കേസുകളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു. ‡

ലോക്കപ്പ് മർദ്ദനങ്ങളെക്കുറിച്ചുള്ള പരാതി

166 [829] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ലോക്കപ്പ് മർദ്ദനങ്ങളെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പരാതികളെക്കുറിച്ച് അന്വേഷണം നടത്തിയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 66 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) 66 പരാതികളിന്മേലും അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) 66 പരാതികളിൽ 43 പരാതികൾ വാസ്തവമല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. 22 കേസുകൾ അന്വേഷണാവസ്ഥയിലാണ്. ഒരു കേസിൽ അന്വേഷണ വിധേയമായി ഒരു പോലീസ് ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ടിയാന്റെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

---

† അനുബന്ധം XVIII

‡ അനുബന്ധം XVIII (എ)

LIBRARY ARCHIVES Kerala Legislative Assembly